# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1683** **01-11-2019-ൽ മറുപടിയ്ക്ക്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം.സ്വരാജ്**<br>**ശ്രീ.ആന്റണി ജോൺ**<br>**ശ്രീ.എം.നൗഷാദ്**<br>**ശ്രീ.രാജു എബ്രഹാം** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) | തൊഴിൽ രഹിതരായ ഗ്രാമീണ ജനതയുടെ ആശ്രയവും പ്രതീക്ഷയുമായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് വിരാമമിടാൻ കേന്ദ്ര സർക്കാർ നടത്തുന്ന നീക്കത്തെ ചെറുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർത്തലാക്കുന്നത് സംബന്ധിച്ച ഔദ്യോഗികമായ അറിയിപ്പൊന്നും സംസ്ഥാനത്തിന് ലഭ്യമായിട്ടില്ല. |
| (ബി) | ഗ്രാമീണ റോഡുകൾ, തോടുകൾ, കുളങ്ങൾ തുടങ്ങി നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ വരെ ഉൾപ്പെടുത്തിയുള്ള തൊഴിലുറപ്പ് പദ്ധതിയുടെ ബജറ്റ് വിഹിതം വെട്ടിക്കുറച്ചത് മൂലം എത്ര തൊഴിൽ ദിനങ്ങളാണ് നഷ്ടപ്പെടുകയെന്ന് വ്യക്തമാക്കാമോ; | (ബി) | 2019-20 സാമ്പത്തിക വർഷം സംസ്ഥാനത്തിന് 700 ലക്ഷം തൊഴിൽ ദിനങ്ങളാണ് കേന്ദ്ര സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ളത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആവശ്യാധിഷ്ഠിത പദ്ധതിയായതിനാൽ 700 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടശേഷം കൂടുതൽ തൊഴിൽ ദിനങ്ങൾ ആവശ്യമുള്ളപക്ഷം അധിക തൊഴിൽ ദിനങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് കേന്ദ്ര സർക്കാരിന് അപേക്ഷ നൽകാറുണ്ട്. സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് മുൻ സാമ്പത്തിക വർഷങ്ങളിൽ വർഷാദ്യം അംഗീകരിക്കപ്പെട്ട ലേബർ ബഡ്ജറ്റിനുപരിയായി അധിക തൊഴിൽ ദിനങ്ങൾ കേന്ദ്ര സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിനാൽ എത്ര തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുമെന്ന് ഇപ്പോൾ കണക്കാക്കാൻ കഴിയില്ല. |
| (സി) | ഫണ്ട് വെട്ടിക്കുറച്ചത് തൊഴിലുറപ്പ് പദ്ധതി മികച്ച രീതിയിൽ നടത്തുന്ന | (സി) | അവിദഗ്ദ്ധ വേതന ഇനത്തിലെ ഫണ്ട് വെട്ടിക്കുറയ്ക്കുന്ന സാഹചര്യമുണ്ടായാൽ ആയത് |

| | | | |
|---|---|---|---|
| | കേരളത്തെ എപ്രകാരമെല്ലാം പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | | തൊഴിൽ ലഭ്യതയിൽ കുറവുണ്ടാക്കുകയും വേതന വിതരണത്തിൽ കാലതാമസം നേരിടുന്നതിന് കാരണമാകുകയും ചെയ്യും. മെറ്റീരിയൽ ഇനത്തിൽ ഫണ്ട് ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നതിനാൽ . വെണ്ടർമാർ സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിന് വിമുഖത കാണിക്കുന്നു. ആയത് ഗ്രാമപഞ്ചായത്തുകൾ ആസ്തി വികസന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ പിന്നോട്ട് പോകുന്ന സാഹചര്യം സൃഷ്ടിക്കുന്നു. മേൽ പരാമർശിക്കപ്പെട്ട പ്രകാരം തൊഴിലുറപ്പ് പദ്ധതി ഫണ്ട് വെട്ടിക്കുറയ്ക്കപ്പെടുന്നതും ഫണ്ട് ലഭ്യതയ്ക്ക് കാലതാമസം വരുന്നതും, ഫലത്തിൽ, ഗ്രാമീണ മേഖലയിൽ തൊഴിലില്ലായ്മ സൃഷ്ടിക്കുകയും ഗ്രാമീണ ആസ്തികൾ സൃഷ്ടിക്കുന്നതിന് തടസ്സമാകുകയും പ്രാദേശിക സാമ്പത്തിക വികസന പ്രക്രിയയെ പിന്നോട്ടടിക്കുകയും ചെയ്യും. |
| (ഡി) | കേന്ദ്ര സർക്കാരിന്റെ ഈ ജനദ്രോഹ നടപടിക്കെതിരെ ശക്തമായ പ്രതിഷേധം അറിയിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | പദ്ധതി തുടരാനും, കൂടുതൽ ഫണ്ട് വകയിരുത്താനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തും. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ.**